പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

17.07.2014 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 8172

## കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കനാലുകളെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് വൈവിധ്യമാർന്ന പകർച്ചവ്യാധികളുടെ ഉറവിടങ്ങളായി മാറിക്കഴിഞ്ഞെന്നും വളരെ അടിയന്തരമായി ശുചീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ കനാലുകളിലെയും പുഴകളിലെയും ജലം വിവിധ മാലിന്യങ്ങൾകൊണ്ട് ഗുണനിലവാര ശോഷണം സംഭവിച്ചതാണെന്ന് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നീ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സ്ഥിരീകരിക്കുന്നു. കനാലുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുക, നീരൊഴുക്ക് നിലനിർത്താനാവശ്യമായ പ്രവൃത്തികൾ നടത്തുക, കൂടുതൽ മാലിന്യനിക്ഷേപത്തിനു സാധ്യതയുള്ള നഗരപ്രദേശങ്ങളിലെ കനാലിന്റെ വശങ്ങളിൽ കമ്പിവേലി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഈ വിഷയത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബോധവത്ക്കരണം നടത്തുന്നത് മാലിന്യ നിക്ഷേപം തടയുന്നതിന് സഹായകരമാകും. കൂടാതെ അത്യാവശ്യമായ ശുചീകരണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ചേർത്തലയിലെ മിൽസ് കനാലും, കുറിയമുട്ടം കായലും, പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന എ.എസ്. കനാലും മാലിന്യ കലവറകളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; അവ ശുചീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (ബി) | ആലപ്പുഴ ടൗണിലെ 9 പ്രധാന കനാലുകളും 104 അനുബന്ധ കനാലുകളും പായലും ചെളിയും നീക്കി ശുചീകരിക്കുന്നതിന് സമഗ്ര ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തി 352 ലക്ഷം രൂപയുടെ പദ്ധതി നടന്നു വരുന്നു. എ.എസ് കനാലിന്റെ ആലപ്പുഴ ടൗണിലെ 2.50 കി.മീ. നീളം ശുചീകരിക്കുന്ന പ്രവൃത്തി മുകളിൽ പ്രതിപാദിച്ച സമഗ്ര ആരോഗ്യ പാക്കേജ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ചേർത്തലയിലെ മിൽസ് കനാൽ, കുറിയമുട്ടം കായൽ, എ.എസ് കനാൽ ഇവ മാലിന്യ മുക്തമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ചേർത്തലയിലെ ടി.ബി. കനാലിന്റെ ചെളിയും, പായലും നീക്കുന്ന പ്രവൃത്തി ഉൾപ്പെട്ട നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ